**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 375 - 08.08.2017 ലെ മറുപടിക്ക്**

## കെ.എസ്.ആർ.ടി.സി പെൻഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ഐ.ബി.സതീഷ്** | **ഡോ. റ്റി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കൃത്യമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോ ; വിശദമാക്കാമോ; | കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ കൃത്യമായും ലഭ്യമാക്കുന്നതിനുള്ള ബാധ്യത സർക്കാരിൽ മാത്രം നിക്ഷിപ്തമല്ല. എന്നിരുന്നാലും സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ എല്ലാ മാസവും ആകെ നൽകി വരുന്ന പെൻഷന്റെ 50% സർക്കാർ നൽകുന്നുണ്ട്. ഓരോ മാസവും 30 കോടി രൂപ വീതം ആണ് നല്കി വരുന്നത്. ശമ്പളവും പെൻഷനും നൽകുന്നതിനായി ആകെ 360 കോടി രൂപ 2017-18 ജൂലൈ മാസം വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികളൊന്നും നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**